(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നും, അത് ഏതൊക്കെ തീയതികളിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് അനിശ്ചിതമായി നീണ്ടുപോകുന്നതും, ഈ ഭൂമിയിൻമേലുള്ള ക്രയവിക്രയങ്ങൾ വർഷങ്ങളായി നിരോധിച്ചിരിക്കുന്നതുംകാരണം ഭൂവുടമകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടായിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഭൂമി സമയബന്ധിതമായി ഏറ്റെടുക്കുന്നതിനോ അതിന്മേലുള്ള ക്രയവിക്രയ നിയന്ത്രണം നീക്കം ചെയ്യുന്നതിനോ വേണ്ട നടപടി സത്വരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) പേരൂർക്കട വില്ലേജിൽ 6.6947 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-5-2000-ലും 10-3-2004-ലും രണ്ടുപ്രാവശ്യം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ടി ഭൂമി സമയബന്ധിതമായി ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി

6 [2144] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയം നടത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) കൂരാച്ചുണ്ട് വില്ലേജ് ഏതെല്ലാം പഞ്ചായത്തുകളിലാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയം എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, കായണ്ണ, കോട്ടൂർ, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നു,

(ഡി) ജില്ലാ കളക്ടറുടേയും താലൂക്ക്, വില്ലേജ് പുനഃസംഘടനാ കമ്മീഷന്റേയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

പമ്പാ വാലിയിലെ ഭൂമി സർവ്വേ

7 [2145] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ജനപ്രതിനിധികളുമായി 2004-ൽ റവന്യൂ വകുപ്പുമന്ത്രി ചർച്ച നടത്തി എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പമ്പാവാലിയിൽ ഭൂമി സർവ്വെ നടത്തി സർവ്വേ നമ്പർ നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിരുന്നത്;

(സി) സർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ നിശ്ചയിച്ചിരുന്ന കാലാവധി എത്രയായിരുന്നു ;

(ഡി) തീരുമാനം നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് ;

(ഇ) പ്രസ്തുത സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 9-11-2004-ൽ ജനപ്രതിനിധികളുമായി നടത്തിയ യോഗത്തിൽ റാന്നി താലൂക്കിൽ പമ്പാവാലി-ഇലപ്പള്ളി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട സർവെ ജോലികൾ തുടങ്ങുന്നതിനും, മല്ലപ്പള്ളി താലൂക്കിലെ പെരുപെട്ടി വില്ലേജിലെ സ്ഥലം സർവ്വേ ചെയ്തു റിക്കാർഡുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly